അച്ചടി വകുപ്പിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി

99 (1788) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്ക് എന്തൊക്കെ രീതിയിലുള്ള പ്രൊട്ടക്ഷൻ ആണ് ഭേദഗതി ചെയ്യുന്ന സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോഴുള്ള സ്പെഷ്യൽ റൂൾസ് എന്നാണ് നിലവിൽ വന്നത് ;

(ഇ) ആധുനിക അച്ചടി ജോലികൾ തുടങ്ങിയശേഷവും പ്രസ്തുത വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുവാൻ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ ;

(എഫ്) സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എന്തൊക്കെ തടസ്സങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പ്രസ്തുത തടസ്സങ്ങൾ മാറ്റുവാൻ അച്ചടിവകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ;

(ഐ) സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് തയ്യാറായിട്ടുണ്ടോ ;

(ജെ) ഉണ്ടെങ്കിൽ അവയുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എത്രയും വേഗം നടപ്പിൽ വരുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ അംഗീകൃത സംഘടനകളുമായി ചർച്ച നടത്താനായി നോട്ടീസ് നൽകിയിരിക്കുകയാണ്. ചർച്ചയിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച് കഴിഞ്ഞതിനുശേഷമേ പ്രസ്തുത കരടിന് അന്തിമ രൂപം നൽകാൻ കഴിയുകയുള്ളു.

(ഡി) 22-11-1976-ൽ.

(ഇ) സമാഹൃതമായ ഭേദഗതിയുടെ കരട് തയ്യാറാക്കുന്നതിനും നടപടിക്രമങ്ങൾ പാലിക്കുന്നതിനുമാണ് കാലതാമസം ഉണ്ടാകുന്നത്.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി&എച്ച്) ഉദിക്കുന്നില്ല.

(ഐ&ജെ) കരടിന് അന്തിമ രൂപം ആയിട്ടില്ല.

ഭേദഗതിയുടെ കരട് അംഗീകൃത സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിശോധിച്ചാലേ ഇക്കാര്യത്തിന് അന്തിമരൂപം നൽകാനാവുകയുള്ളു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

100 (1792) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് ഈ പ്രസ്സിനെ ആധുനികവൽക്കരിക്കുന്നതിനും പ്രസ്സിന്റെ മുഴുവൻ പ്രവർത്തനശേഷിയും കൈവരിച്ച് പ്രവർത്തനയോഗ്യമാക്കുന്നതിനും ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിനുവേണ്ടി അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിന്റെ ലഭ്യതയനുസരിച്ച് പുതിയ യന്ത്രങ്ങൾ വാങ്ങാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. കേടായ യന്ത്രങ്ങളിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവ നന്നാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. പ്രസ്സിന്റെ പ്രവർത്തനശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ പാഠപുസ്തക അച്ചടി

101 (1793) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ 2003-2004 വർഷങ്ങളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയ്ക്ക് ഉത്തരവു നൽകിയിരുന്നുവോ ;

(ബി) നൽകിയിരുന്നെങ്കിൽ ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ എത്ര കോപ്പിവീതമാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അച്ചടി ഉത്തരവ് നൽകിയശേഷം ഏതെങ്കിലും പാഠപുസ്തകങ്ങളുടെ അച്ചടി തിരിച്ചു വാങ്ങിയിരുന്നുവോ ;

(ഡി) എങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളുടെ അച്ചടിയാണ് തിരിച്ചു വാങ്ങിയത് ; കാരണം വ്യക്തമാക്കാമോ ;

(ഇ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ തന്നെ ഇവയുടെ അച്ചടി സമയബന്ധിതമായി ചെയ്തു തീർക്കാൻ കഴിയുമായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly